പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 177 17-12-2012-ൽ മറുപടിയ്ക്ക്

ഗുണ്ടാ നിയമത്തിന്റെ ഭേദഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വി.ഡി. സതീശൻ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഗുണ്ടാ നിയമം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം ഭേദഗതി ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നത് ശക്തമാക്കുന്നതിന്റെ ഭാഗമായി കരുതൽ തടങ്കലിന്റെ പരമാവധി കാലയളവ് കൂട്ടുവാനും കൂടുതൽ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാനുമാണ് പ്രധാനമായും ഭേദഗതി കൊണ്ട് ലക്ഷ്യമിടുന്നത്. |
| (ബി) എന്തെല്ലാം ഭേദഗതികളാണ് നിയമത്തിൽ വരുത്താനുദ്ദേശിക്കുന്നത്; | (ബി) 2007-ലെ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളുടെ പരിധിയിൽ മണിചെയിൻ കുറ്റകൃത്യങ്ങൾ കൂടി ഉൾപ്പെടുത്താനും കരുതൽ തടങ്കലിന്റെ പരമാവധി കാലയളവ് ഒരു വർഷം വരെയാക്കുന്നതിനും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുവാൻ ഉപയോഗിക്കുന്ന വാഹനങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കൾ പിടിച്ചെടുക്കുന്നതിനും കണ്ടുകെട്ടുന്നതിനുമുള്ള വിശദമായ വ്യവസ്ഥകളുമാണ് ഭേദഗതി നിയമത്തിൽ പ്രധാനമായും ഉൾക്കൊള്ളിച്ചിട്ടുള്ളത്. |
| (സി) എന്തെല്ലാം കുറ്റങ്ങളും ശിക്ഷകളുമാണ് ഭേദഗതിയിലൂടെ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) സംഘടിത കുറ്റകൃത്യങ്ങളെ തടയുന്നതിനും നിയന്ത്രിക്കുന്നതിനും സാധാരണ നിയമത്തിലെ വ്യവസ്ഥകൾ ഫലപ്രദമാകാതെ വരുന്ന സാഹചര്യത്തിൽ, കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതിൽ നിന്നും സ്ഥിരം കുറ്റവാളികളെ തടയുന്നതിലേക്കായി അവരെ കരുതൽ തടങ്കലിൽ വയ്ക്കുന്നതിനാണ് കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) |

നിയമത്തിൽ വിഭാവനം ചെയ്തിരിക്കുന്നത്. ഭേദഗതി നിർദ്ദേശങ്ങൾ പ്രകാരം മണി ചെയിൻ കുറ്റവാളികളെക്കൂടി നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നുണ്ട്. കരുതൽ തടങ്കൽ നിയമമായതുകൊണ്ട് ഏതെങ്കിലും കുറ്റത്തിനുള്ള ശിക്ഷകൾ ഭേദഗതി നിർദ്ദേശങ്ങളിൽ ഉൾപ്പെട്ടിട്ടില്ല.

(ഡി) നിയമം ഭേദഗതി ചെയ്യുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടോ;

(ഇ) ഇതിനുള്ള നിയമ നിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

(ഡി) യും (ഇ) യും

നിയമം ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു. കരട് ബിൽ തയ്യാറാക്കുന്നതിന് നിയമവകുപ്പിൽ നിന്നും നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ